**വി.സി/2716/09.** **തീയതി: 09.06.2011**

**സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെയും, പ്രൈവറ്റ് ഐ.ടി.ഐ.കളിലെയും പരിശീലനാർത്ഥികൾക്ക് പെരുമാറ്റചട്ടങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായി 25.05.2011 – ന് ട്രെയിനിംഗ് ഡയറക്ടർ ചേമ്പറിൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.**

യോഗം രാവിലെ 11 മണിയ്ക്ക് ആരംഭിച്ചു. ട്രെയിനിംഗ് ഡയറക്ടർ എല്ലാ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളെയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. ഉദ്യോഗസ്ഥരടക്കം ചുവടെ പറയുന്നവർ യോഗത്തിൽ പങ്കെടുത്തു.

1. ശ്രീ. ബി.ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.
2. ശ്രീ. പി.കെ.മാധവൻ, ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്.
3. ശ്രീ. കെ.എസ്. ധർമ്മരാജൻ, ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ് (എസ്.ഐ.സി).
4. ശ്രീ. സുനിൽ ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ട്രെയിനിംഗ്
5. ശ്രീ. പി.രാജൻ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ് (എസ്.പി.ഐ.യു)
6. ശ്രീ. ആർ.മനു, എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം
7. ശ്രീ. കെ.ജി.അനീഷ്, എ.ബി.വി.പി സംസ്ഥാന കമ്മിറ്റി അംഗം
8. ശ്രീ. റ്റി.എസ്.ആദർശ്, എ.ബി.വി.പി സംസ്ഥാന കമ്മിറ്റി അംഗം
9. ശ്രീ. സുനേഷ് ജോസഫ്, കെ.എസ്.ഐ.റ്റി.സി. ചെയർമാൻ (ഐ.ടി.ഐ. തിരുവമ്പാടി)
10. കുമാരി. പി.പി.സഫിറ, കെ.എസ്.ഐ.റ്റി.സി വൈസ് ചെയർപേഴ്സൻ (ഐ.ടി.ഐ. കണ്ണൂർ).
11. ശ്രീ. എം.എ.മുഹമ്മദ് ഫസൽ, കെ.എസ്.ഐ.റ്റി.സി. ജനറൽ സെക്രട്ടറി (ഐ.ടി.ഐ. കളമശ്ശേരി).

മറ്റ് അക്കാഡമിക് സ്ഥാപനങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായ പാഠ്യപരിശീലന പദ്ധതിയാണ് ഐ.ടി.ഐ.കളിൽ നടപ്പിലാക്കുന്നതെന്നും, പ്രവൃത്തി പ്രാവീണ്യത്തിന് പ്രാമുഖ്യമുള്ള സ്ഥാപനങ്ങളായതിനാൽ പ്രവൃത്തി ദിവസങ്ങൾ മുടക്കുന്ന പ്രവർത്തനങ്ങൾ നടത്തുമ്പോൾ പരിശീലനാർത്ഥികൾക്ക് പൂർണ്ണ തോതിലുള്ള നൈപുണ്യം (Skill) ലഭിക്കുകയില്ലായെന്നും, അതുകൊണ്ട് പെരുമാറ്റച്ചട്ടങ്ങൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണെന്നും ആമുഖമായി ട്രെയിനിംഗ് ഡയറക്ടർ പറഞ്ഞു. പെരുമാറ്റച്ചട്ടങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്

വിദ്യാർത്ഥി സംഘടനാ പ്രതിനിധികളോട് ഡയറക്ടർ അഭിപ്രായങ്ങൾ ആരാഞ്ഞു.

കരട് പെരുമാറ്റച്ചട്ടങ്ങളിലെ ഐറ്റം.3, 9 എന്നിവ ഒഴിവാക്കണമെന്നു് വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു. വിദ്യാർത്ഥി സംഘടനകൾ സംസ്ഥാനതലത്തിൽ തീരുമാനിക്കുന്ന പഠിപ്പു മുടക്ക് സമരങ്ങൾ മിക്കവയും മറ്റ് അക്കാഡമിക് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാകയാൽ ഐ.ടി.ഐ.കളെ ഇതിൽ നിന്ന് ഒഴിവാക്കണമെന്ന് ഡയറക്ടർ അറിയിച്ചു. സംസ്ഥാനതല സമരങ്ങളിൽ നിന്നും, അതാത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിഷയങ്ങൾക്കുമെതിരെ പ്രതിഷേധിക്കുന്നതിൽ നിന്നും മാറി നിൽക്കാനാവില്ലെന്ന് സംഘടനാ പ്രതിനിധികൾ അറിയിച്ചു. മറ്റ് അനാവശ്യ സമരങ്ങൾ ഒഴിവാക്കാമെന്നും പ്രതിനിധികൾ അറിയിച്ചു. ടി ചർച്ചയുടെ അടിസ്ഥാനത്തിൽ, ഐറ്റം 3 സംബന്ധിച്ച് പരിശീലന വർഷം ആരംഭിക്കുമ്പോൾ ഒരു യോഗം നടത്തി അതാത് സ്ഥാപനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് മേൽപ്പറഞ്ഞ സമരങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് യുക്തമായ തീരുമാനം കൈക്കൊള്ളുവാൻ അതാത് പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകാമെന്ന തീരുമാനം കൈക്കൊണ്ടു.

ഐ.ടി.ഐ. കാമ്പസ്സിനുള്ളിൽ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ കൊടിമരങ്ങൾ, ബാനറുകൾ എന്നിവ സ്ഥാപിക്കുമ്പോൾ ഇത് സംബന്ധിച്ച് വിദ്യാർത്ഥി സംഘർഷങ്ങൾ ഉണ്ടാകുന്നതിനാൽ ഐറ്റം.9 അംഗീകരിക്കണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടു. കൊടിമരങ്ങൾ, ബാനറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ ഒഴിവാക്കാമെന്ന് സംഘടനാ പ്രതിനിധികൾ അറിയിച്ചു. ചർച്ചയെതുടർന്ന് അതാത് സ്ഥാപനങ്ങളിൽ പ്രത്യേകമായി അനുവദിച്ചു നൽകുന്ന സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കാമെന്ന് തീരുമാനം കൈക്കൊണ്ടു. അനുവദിക്കുന്ന സ്ഥലം സംബന്ധിച്ച് അതാത് പ്രിൻസിപ്പാൾമാർ ഒരു യോഗം നടത്തി തീരുമാനിക്കേണ്ടതാണ്.

ടി യോഗത്തിൽ മറ്റ് ചില ആവശ്യങ്ങൾകൂടി സംഘടനാ പ്രതിനിധികളിൽ നിന്നുണ്ടായി. ഹർത്താൽ, പൊതുപണി മുടക്ക് എന്നീ ദിവസങ്ങൾ പ്രവൃത്തി ദിവസമായി കൂട്ടുന്നത് യാത്രാ സൗകര്യം ലഭിക്കാത്ത ഭൂരിപക്ഷം പരിശീലനാർത്ഥികളെയും പ്രതികൂലമായി ബാധിക്കുന്നതായി സംഘടനാ പ്രതിനിധികൾ അറിയിച്ചു. ടി ദിവസങ്ങൾ പ്രവർത്തി ദിവസമായി കൂട്ടരുത് എന്ന നിർദ്ദേശം എല്ലാ പ്രിൻസിപ്പാൾമാർക്കും നൽകാമെന്ന് ഡയറക്ടർ അറിയിച്ചു.

വ്യാവസായിക പരിശീലന സ്ഥാപനങ്ങളുടെ മാത്രം കലോത്സവം നടത്തുന്നില്ലായെന്നും, കൗൺസിൽ ഫീസിന്റെ കുറവാണ് കലോത്സവം നടത്തുന്നതിന് തടസ്സമെന്നും, ആയതു കൊണ്ട്

കലോത്സവത്തിന് സ്പെഷ്യൽ ഫണ്ട് അനുവദിക്കാൻ കഴിയുമോ എന്ന് സംഘടനാ പ്രതിനിധികൾ അഭ്യർത്ഥിച്ചു. 04.12.2010–ലെ സ.ഉ.(കൈ) നം.150/10/തൊഴിൽ പ്രകാരം കൗൺസിൽ ഫീസ് 2011 ആഗസ്റ്റ് മുതൽ പ്രാബല്യമായി നിലവിലുള്ളതിന്റെ 100% വർദ്ധിപ്പിച്ചതായും സ്പെഷ്യൽ ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന് കത്തെഴുതാമെന്നും ഡയറക്ടർ അറിയിച്ചു. അതിനു മുന്നോടിയായി സംസ്ഥാനതല കലോത്സവത്തിനുള്ള ബഡ്ജറ്റ് സമർപ്പിക്കുവാൻ ഡയറക്ടർ കെ.എസ്.ഐ.റ്റി.സി. പ്രതിനിധികൾക്ക് നിർദ്ദേശം നൽകി. കൗൺസിൽ ഫീസ് ഉപയോഗിക്കാതെ ഇന്റർ ഐ.ടി.ഐ. കൗൺസിലിന്റെ നേതൃത്വത്തിലുള്ള പഠന സെമിനാറുകൾക്ക് വേൾഡ് ബാങ്കിന്റെ ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ അസിസ്റ്റന്റ് ഡയറക്ടർ (എസ്.പി.ഐ.യു)–ക്ക് ഡയറക്ടർ നിർദ്ദേശം നൽകി.

പരിശീലനാർത്ഥികളുടെ നിലവിലുള്ള യൂണിഫോമിലെ (വൈറ്റ് & ബ്ലാക്ക്) വൈറ്റ് കളറിൽ അഴുക്ക് വേഗം പറ്റുന്നുവെന്ന പരാതിയുള്ളതായി ഡയറക്ടർ അറിയിച്ചു. ആയതിനാൽ ടി കളർ മാറ്റുന്നത് സംബന്ധിച്ച അഭിപ്രായങ്ങൾ സംഘടനാ പ്രതിനിധികളോട് ഡയറക്ടർ ആരാഞ്ഞു. നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വൈറ്റ് കളറിന് പകരം 'Ash' കളർ ആക്കാമെന്നും ഇത് 2011 വർഷം അഡ്മിഷൻ നേടുന്നവർ മുതൽ ഉപയോഗിച്ചാൽ മതിയെന്നും തീരുമാനിച്ചു.

പരിശീലനാർത്ഥികളുടെ നൈപുണ്യം സംബന്ധിച്ച റിയോലിറ്റി ഷോ യഥാസമയം സംഘടിപ്പിക്കുവാൻ കഴിയാത്തതിനാൽ സംസ്ഥാനതല എക്സിബിഷൻ നടത്തുന്ന കാര്യം ആലോചിക്കാമെന്നും ഡയറക്ടർ അറിയിച്ചു.

യോഗം 12.30 ന് അവസാനിച്ചു.

ഒപ്പ്

**ട്രെയിനിംഗ് ഡയറക്ടർ**